# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## സാമൂഹ്യശാസ്ത്രം

*സ്റ്റാൻഡേർഡ് 10*




**1** ***തന്നിട്ടുള്ള മാതൃകാഗ്രിഡ് പരിശോധിച്ച് കളങ്ങൾ പൂർത്തിയാക്കുക.***




(എ) ക്രിസ്ത്യൻപള്ളിയുടെ സ്ഥാനം 6 അക്കഗ്രിഡ് റഫറൻസ് രീതീയിൽ കണക്കാക്കുക — 846362

(ബി) വാസസ്ഥലങ്ങളുടെ സ്ഥാനം 4 അക്കഗ്രിഡ് റഫറൻസ് രീതീയിൽ കണക്കാക്കുക. — 8534

(സി) 853373 എന്ന 6 അക്കഗ്രിഡ് റഫറൻസിന്റെ ഭൂസവിശേഷത കണ്ടെത്തുക. — ലൈറ്റ് ഹൗസ്

(ഡി) ഗ്രിഡിൽ നൽകിയിരിക്കുന്ന ഭൗതികസവിശേഷതകൾ ഏതെല്ലാം? — നദി,നീരുറവ

***2 ഡയഗ്രം പൂർത്തിയാക്കുക.***



*3 പട്ടിക പൂർത്തിയാക്കുക.*

| ഭൂസവിശേഷതകൾ | അടയാളങ്ങളും ചിഹ്നങ്ങളും |
|---|---|
| നീരുറവ | + |
| കിണർ | (എ) ● |
| (ബി)കുഴൽക്കിണർ | ▲ |
| ശവപ്പറമ്പ് | (സി)  |
| (ഡി)ക്രിസ്ത്യൻ പള്ളി |  |
| കോട്ട | (ഇ)  |

*4 സവിശേഷതകൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.*

| ഈസ്റ്റിംഗ്സ് | നോർത്തിംഗ്സ് |
|---|---|
| • വടക്ക്-തെക്ക് ദിശയിലുള്ള രേഖകൾ | • കിഴക്ക്-പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള രേഖകൾ |
| • മൂല്യം കിഴക്ക ദിശയിലേയ്ക്ക് കൂടിവരുന്നു | • മൂല്യം വടക്കദിശയിലേയ്ക്ക് കൂടിവരുന്നു |
| • ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ട് ഇടതുവശത്തായി കാണപ്പെടുന്നഈസ്റ്റിംഗ്സിന്റെ മൂല്യമാണ്സ്ഥാനനിർണ്ണയത്തിന് പരിഗണിക്കുക. | • ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിംഗ്സിന്റെ മൂല്യമാണ് സ്ഥാനനിർണ്ണയത്തിന് പരിഗണിക്കുക. |

*5 ചേരുംപടി ചേർക്കുക.*

| എ | ബി |
|---|---|
| തോത് | ടോപ്പോഷീറ്റുകൾ |
| 1:1000000 | മില്യൻ ഷീറ്റുകൾ |
| 1:250000 | ഡിഗ്രി ഷീറ്റുകൾ |
| 1:50000 | മിനിറ്റ് ഷീറ്റുകൾ |

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

***6 സൂചനപ്രകാരം ഉത്തരങ്ങൾ കണ്ടെത്തുക.***

**സൂചന: ധരാതലീയ ഭൂപടത്തിന്റെ നമ്പർ-45D/10**

| | |
|---|---|
| (1) ഈ ടോപ്പോഷീറ്റിന്റെ തോത് | 1:50000 |
| (2) മില്യൻ ഷീറ്റിനെ സൂചിപ്പിക്കുന്ന നമ്പർ | **45** |
| (3) ഡിഗ്രി ഷീറ്റിനെ സൂചിപ്പിക്കുന്ന നമ്പർ | **D** |
| (4) മിനിറ്റ് ഷീറ്റിനെ സൂചിപ്പിക്കുന്ന നമ്പർ | **10** |

***7 പട്ടിക പൂർത്തിയാക്കുക .***

| ഭൂസവിശേഷതകൾ | നിറം |
|---|---|
| അക്ഷാംശ-രേഖാംശരേഖകൾ | കറുപ്പ് |
| വനങ്ങൾ | (എ) ***പച്ച*** |
| കൃഷിസ്ഥലങ്ങൾ | (ബി) ***മഞ്ഞ*** |
| തരിശുഭൂമി | (സി) ***വെളുപ്പ്*** |
| പാർപ്പിടങ്ങൾ | (ഡി) ***ചുവപ്പ്*** |

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

***8 ധരാതലീയ ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്ന കോണ്ടൂർരേഖകളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങൾ ഏതെല്ലാം?***



***9 ശരിയായ ഉത്തരം തെരഞ്ഞെടുത്ത് കളങ്ങൾ പൂർത്തിയാക്കുക.***

[കോണ്ടൂർരേഖകൾ, കോണ്ടൂർമൂല്യങ്ങൾ, കോണ്ടൂർ ഇടവേള, സർവേ ഓഫ് ഇന്ത്യ, ധരാതലീയ ഭൂപടങ്ങൾ]

| | |
|---|---|
| (1) ഇന്ത്യയിൽ ധരാതലീയ ഭൂപടത്തിന്റെ നിർമ്മാണച്ചുമതല വഹിക്കുന്ന | സർവേ ഓഫ് ഇന്ത്യ |
| (2) സമുദ്രനിരപ്പിൽ നിന്ന് ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ച് വരയ്ക്കുന്ന സാങ്കൽപ്പിക രേഖകൾ | കോണ്ടൂർരേഖകൾ |
| (3) പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വളരെ സൂക്ഷ്മമായി ചിത്രീകരിക്കുന്ന ഭൂപടം | ധരാതലീയ ഭൂപടങ്ങൾ |
| (4) അടുത്തടുത്ത രണ്ട് കോണ്ടൂർരേഖകളുടെ മൂല്യവ്യത്യാസം | കോണ്ടൂർ ഇടവേള |
| (5) ഓരോ കോണ്ടൂർരേഖയോടൊപ്പം സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം രേഖപ്പെടുത്തുന്ന | കോണ്ടൂർമൂല്യങ്ങൾ |

തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല